COLLECTORATE
Date 11/09/20
KANNUR

Ph. 0490 2472768
Mob. 9496360966

**VIGIL**
**MATTANNUR**
An agency for Social Impact Assessment
Office:Sithara, Ayappa Temple Road, Mattannur

4-9-20

സ്വീകർത്താവ്
ജില്ലാ കലക്ടർ,
കണ്ണൂർ

സർ,

വിഷയം : സാമൂഹ്യാഘാതപഠനം- മേലൂർക്കടവ് പാലത്തിന്റെ റോഡ് വികസനവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യാഘാത പഠനം കരട് റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 30.07.2020 തീയ്യതിയത്തെ DCKNR 3053/2020/സി4 നമ്പർ ജില്ലാ കലക്ടറുടെ കത്ത്.

സൂചന കത്തിലേക്ക് സദയം ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. മേൽ വിവരിച്ച പദ്ധതിയുടെ കരട് സാമൂഹ്യാഘാത പഠന റിപ്പോർട്ടും ശുപാർശയും ഇതോടൊപ്പം തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.

ആത്മാർത്ഥതയോടെ,

4/9/20
ചെയർമാൻ
സാമൂഹ്യാഘാത പഠനയൂണിറ്റ്

ഉള്ളടക്കം:

# മേലൂർക്കടവ് പാലത്തിന്റെ അനുബന്ധ റോഡിനുവേണ്ടിയുള്ള സ്ഥലംഏറ്റെടുക്കുന്ന പദ്ധതിയുടെ കരട് സാമൂഹ്യാഘാത പഠനറിപ്പോർട്ട്



വിജിൽ, മട്ടന്നൂർ

ഫോറം നമ്പർ 6

**ഉള്ളടക്കം**

ഭാഗം – 1

1. പദ്ധതി സംബന്ധമായ വിവരണം
2. സാമൂഹ്യാഘാത പഠന യൂണിറ്റ്
3. ആവശ്യമായ ഭൂമി സംബന്ധമായ വിവരണം
4. കണ്ടെത്തലുകൾ
5. സാമൂഹ്യാഘാതങ്ങൾ

ഭാഗം – 2

സാമൂഹ്യാഘാതങ്ങൾ

ഭാഗം – 3

സാമൂഹ്യാഘാത പരിഹാരം

ഭാഗം – 4

ശുപാർശ

## I പദ്ധതി സംബന്ധമായ വിവരണം

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ ധർമ്മടം വില്ലേജിലെ മേലൂർ പ്രദേശവും പിണറായി വില്ലേജിലെ പാറപ്രം ദേശവും അഞ്ചരക്കണ്ടി പുഴയാൽ വേർതിരിക്കപ്പെട്ട സ്ഥിതിയാണ്. പുഴയുടെ ഇരുവശത്തുമുള്ള ജനങ്ങളുടെ ചിരകാല ആവശ്യമാണ് മേലൂർ കടവിൽ ഒരു പാലം പണിയുക എന്നത്.

നേരത്തെ മേലൂർക്കടവ് പാലത്തിനുവേണ്ടി ഏറ്റെടുത്ത സമീപ പ്രദേശത്തെ അനുബന്ധറോഡ് വികസനവുമായി ബന്ധപ്പെട്ട ധർമ്മടം വില്ലേജിലെ മേലൂർ ദേശത്ത് റിസ 12 ൽപ്പെട്ട 12 സെന്റ് ഭൂമി കൂടി ഏറ്റെടുത്ത് നൽകുന്നതിനുള്ള അഭ്യർത്ഥന തലശ്ശേരി റോഡിന് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കണ്ണൂർ ജില്ലാ കലക്ടർക്ക് സമർപ്പിക്കുകയും ജില്ലാ കലക്ടർ ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി വിജിൽ മട്ടന്നൂർ എന്ന സാമൂഹ്യാഘാത പഠനയൂണിറ്റിനെ നിയമിക്കുകയും ചെയ്തു. ഇത് സംബന്ധമായി ചട്ടം 14(1) പ്രകാരമുള്ള വിജ്ഞാനപഠനം 04.08.2020 തീയ്യതിയിലെ 1764-ാം നമ്പർ അസാധാരണ ഗസ്റ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതി കേരളസർക്കാരിന്റെ പൊതുമരാമത്ത് റോഡിന് വിഭാഗം നടപ്പാക്കുന്നതും പൂർണ്ണമായും കേരളസർക്കാർ ഉടമസ്ഥതയിൽ ഉള്ളതുമാണ് ഇത്. തലശ്ശേരി താലൂക്കിലെ ധർമ്മടം, പിണറായി എന്നീ പഞ്ചായത്തിലെ ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിനും ചരക്കുകളുടെയും മറ്റും കൈമാറ്റത്തിനും വളരെയേറെ സഹായകരമായ റോഡാണ്. 4 ഭാഗവും പുഴയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ധർമ്മടം ദീപിന്റെ വികസനത്തിന് ഈ സ്ഥലം കൂടി ഏറ്റെടുക്കുന്നതിന് ഈ പദ്ധതി വളരെ ഉപകരിക്കുന്നതാണ്.

## II സാമൂഹ്യാഘാത പഠനയൂണിറ്റ്

ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി വിജിൽ മട്ടന്നൂർ എന്ന യൂണിറ്റിനെയാണ് ജില്ലാ കലക്ടർ അധികാരപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധമായ ചട്ടം 14(1) പ്രകാരമുള്ള വിജ്ഞാപനം 04.08.2020 തീയ്യതിയത്തെ അസാധാരണ ഗസ്റ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പഠനയൂണിറ്റിന്റെ ഘടന താഴെ പറയും പ്രകാരമാണ്.

1. മധുസൂതനൻ. എ ഡെ. കലക്ടർ (റിട്ട) ചെയർമാൻ
2. സരള.സി.ടി ഡെ. തഹസിൽദാർ (റിട്ട) അംഗം

## III ആവശ്യമായ ഭൂമി സംബന്ധമായ വിവരണം

1) ഭൂമിയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക താഴെ പറയും പ്രകാരമാണ്

| ക്രമനമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം |
|---|---|---|---|---|
| 1. | ധർമ്മടം | മേലൂർ | 12 | 0.0482 ഹെക്ടർ |

2) ഭൂമിയുടെ ഉടമസ്ഥർ

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ ഉടമസ്ഥർ/ കൈവശക്കാർ താഴെ പറയുന്ന

വരാണെന്നു അന്വേഷണത്തിൽ അറിയുന്നു

| ക്രമനമ്പർ | തൽപരകക്ഷികളുടെ പേരും മേൽവിലാസവും | തൊഴിൽ |
|---|---|---|
| 1 | വളപ്പിലെക്കണ്ടി നാണി<br>അക്കാവിൻ താഴെ<br>ഒന്നാംവാർഡ്<br>മേലൂർവടക്ക്<br>പി.ഒ. മേലൂർ | സ്വസ്ഥം |
| 2. | രാധ | സ്വസ്ഥം |
| 3. | രമ | സ്വസ്ഥം |
| 4. | രവീന്ദ്രൻ | വിദേശം |
| 5. | നിർമ്മല | പെൻഷനർ |
| 6. | രമേശൻ | മത്സ്യകൃഷി |
| 7. | വസ്തല | സ്വസ്ഥം |

**IV കണ്ടെത്തലുകൾ**

ധർമ്മടം വില്ലേജിലെ മേലൂർ ദേശത്ത് ഏറ്റെടുക്കാൻ ആവശ്യപ്പെട്ട ഭൂമി മേലൂർക്കടവ് മെയിൻ റോഡിനോട് ചേർന്ന് ഏകദേശം 500 മീറ്റർ മാറിയാണ് സ്ഥിതിചെയ്യുന്നത്. ഈ ഭൂമി വെള്ളക്കെട്ടുനിറഞ്ഞ ചതുപ്പ് പ്രദേശമായിരുന്നു. ചില ഭാഗങ്ങൾ ഇപ്പോഴും വെള്ളക്കെട്ടായി നിലനിൽക്കുന്നു. ഇപ്പോൾ റോഡിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലത്തിന്റെ ഭാഗം നേരത്തെ തന്നെ മണ്ണിട്ടുയർത്തി റോഡാക്കി മാറ്റിയതായി കാണുന്നു.

**V സാമൂഹ്യാഘാതങ്ങൾ**

1) കൃഷിക്കുണ്ടാകുന്ന ആഘാതം

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ കാർഷിക വിളകളോ മറ്റു കൃഷികളോ ഒന്നും തന്നെയില്ല.

2) കുടിയൊഴിപ്പിക്കൽ

ഈ പദ്ധതിക്ക് വേണ്ടി യാതൊരു വാസസ്ഥലവും ഏറ്റെടുക്കുന്നില്ല.

3) തൊഴിൽ സംബന്ധമായ ആഘാതം

മേൽപറഞ്ഞ ഭൂമി ഏറ്റെടുക്കുന്ന സാഹചര്യത്തിൽ തൊഴിൽ സംബന്ധമായ യാതൊരാഘാതവും സംഭവിക്കുന്നില്ല.

4) പൊതു ഇടങ്ങൾക്കുണ്ടാകുന്ന ആഘാതം

മേൽ ഭൂമി ഏറ്റെടുക്കുന്നതുകൊണ്ട് പൊതു സമൂഹത്തിന്റെ ഉപയോഗത്തിനായുള്ള കളിസ്ഥലങ്ങൾ, അംഗൻവാടികൾ, ആരാധനാലയങ്ങൾ, മേച്ചിൽസ്ഥലങ്ങൾ എന്നിവ ഒന്നും ഉൾപ്പെടുന്നില്ല.

## സാമൂഹ്യാഘാത പരിഹാര റിപ്പോർട്ട്

ഭൂമി നഷ്ടപ്പെടുന്നവർക്ക് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നഷ്ടപരിഹാര തുക എത്രയുംവേഗം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ശുപാർശ

മേൽവിവരിച്ച ഭൂമി ഏറ്റെടുക്കുന്നതിന് കാരണമുണ്ടായേക്കാവുന്ന സാമൂഹ്യാഘാതം പദ്ധതി നടപ്പിലാക്കുന്നത് മൂലം പ്രദേശത്തിലുണ്ടാകാനിടയുള്ള വികസനവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ ഗുണപ്രദമായിരിക്കും എന്നുകാണുന്നു. മേൽ സാഹചര്യത്തിൽ വിഭാവനം ചെയ്ത രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഈ യൂണിറ്റ് ശുപാർശ ചെയ്യുന്നു.

**ചെയർമാൻ**

സാമൂഹ്യാഘാത പഠന യൂണിറ്റ്

24/9/20

സാമൂഹ്യാഘാത പഠന യൂണിറ്റ്